**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **06-02-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യം വെച്ച് 2011 ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസ്തുത ജനവിഭാഗ ങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നിലവിൽ നടപ്പാക്കി വരുന്ന വിവിധ വിദ്യാഭ്യാസ - വികസന - ക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു .<br><br>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കി വരുന്നു. കോർപ്പറേഷൻ നൽകി വരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധം -II ആയി ചേർക്കുന്നു .<br><br>സംസ്ഥാനത്തെ പിന്നാക്ക സമുദായ വിഭാഗ ത്തിൽപ്പെടുന്ന കളിമൺപാത്ര നിർമ്മാണ മേഖല യിലെ ജനവിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിരിക്കുന്ന കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ / പ്രവർത്തനങ്ങൾ അനുബന്ധം -III ആയി ചേർക്കുന്നു .<br><br>കൂടാതെ, പട്ടികജാതിയിൽ നിന്നും ക്രിസ്തുമത ത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടേയും പട്ടികജാതിയിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളവരു ടെയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത |

| | | | |
|---|---|---|---|
| | | | വിഭാഗ വികസന കോർപ്പറേഷൻ, വളരെ തുച്ഛമായ പലിശ നിരക്കിൽ ടി വിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെട്ടു ത്തുന്നതിനായി വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദേശ പഠനത്തിനുൾപ്പെടെയുള്ള വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന / ധനസഹായ / പരിശീലന പദ്ധതി കളും നടപ്പിലാക്കി വരുന്നു. |
| (ബി) | പിന്നാക്ക സമുദായങ്ങളിലെ പ്രൊഫഷണലുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുവാൻ വകുപ്പ് സഹായം നല്കിവരുന്നുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത വിഭാഗങ്ങൾക്ക് സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് സർക്കാർ മേഖലയിൽ പരിശീലനം നല്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ യാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം വായ്പാ തുക അനുവദിക്കുന്നത് കോർപ്പറേഷനും വായ്പാ തുകയുടെ 20%, പരമാവധി 2 ലക്ഷം രൂപ വകുപ്പും ബാക്കി എന്റ് സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു.<br><br>പിന്നാക്ക വിഭാഗങ്ങൾക്ക് മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ / എഞ്ചിനിയ റിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾ നടത്തു ന്നതിന് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം ധനസഹായം നല്കുന്നുണ്ട്.<br><br>മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി ആകെ അനുവദിക്കുന്ന പരമാവധി തുക Rs. 30,000/- ആണ്.<br><br>സിവിൽ സർവ്വീസ് : ആകെ അനുവദിക്കുന്ന പരമാവധി തുക Rs. 25,000/-<br><br>ബാങ്കിംഗ് സർവ്വീസ് : ആകെ അനുവദിക്കുന്ന പരമാവധി തുക Rs. 20,000/-<br><br>GATE/MAT, UGC/NET/JRF : ആകെ അനുവദി ക്കുന്ന പരമാവധി തുക Rs. 25,000/-<br><br>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക സമുദായ ങ്ങളിലെ പ്രൊഫഷണലുകൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തുടങ്ങുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സ്റ്റാർട്ട് |

| | | | |
|---|---|---|---|
| | | | അപ്പ് സ്വയം തൊഴിൽ എന്ന പേരിൽ പരമാവധി 20 ലക്ഷം രൂപ വരെ വിതരണം ചെയ്യുന്നു . ടി വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ച് സബ്സിഡിയും അനുവദിക്കുന്നു. കൂടാതെ, കോർപ്പറേഷൻ ദേശീയ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചു വരുന്നു. ഇതിന് പുറമേ കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ / ഡിപ്ളോമ / ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6% പലിശ നിരക്കിൽ വിദ്യാശ്രീ എന്ന പേരിൽ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചു വരുന്നു. കൂടാതെ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി പ്രൊഫഷണൽ കോഴ്സുകൾ പാസ്സായതും സ്വന്തമായി പ്രാക്ടീസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുമായ ലക്ഷ്യവിഭാഗത്തിൽപ്പെട്ടവർക്കായി പരമാവധി 5 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ് വായ്പാ പദ്ധതിയും കൂടാതെ സിവിൽ സർവ്വീസ്, പി.എസ്.സി. കോച്ചിംഗ്, കരിയർ ഗൈഡൻസ് പരിശീലനം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ

### 1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് / അൺ-എയ്ഡഡ് /അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി ക്ക് തത്തുല്യവിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാക്രമം 750, 900, 1000 എന്ന ക്രമത്തിലാണ് വർഷം തോറും ആനുകൂല്യമനുവദിക്കുന്നത്. ശരാശി 2,10,000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം ആനുകൂല്യമനുവദിച്ചു വരുന്നു.

### 2. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്പ്രതിവർഷം 1500/-രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് പരിമിതപ്പെടുത്തുകയും ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

### 3. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട് മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ് കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു. ശരാശി 1,70,000/- വിദ്യാർത്ഥികൾക്ക് പ്രതിവർഷം ആനുകൂല്യമനുവദിച്ചു വരുന്നു.

## 4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 ആക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## 5. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിങ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ/ മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

## 6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.ഈ പദ്ധതിയിൽ 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### a) മെഡിക്കൽ/എഞ്ചിനീയറിംഗ്,ബാങ്കിംങ്, സിവിൽ സർവ്വീസ്,UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |

**b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം,ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

**c) ബി.പി.ൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 2020-21 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ പുതിയ ഘടകമായി ഉൾപ്പെടുത്തി പ്രാവർത്തികമാക്കി വരുന്നു.സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50% (പരമാവധി 25,000/-രൂപ) സബ്സിഡി ആയി നൽകുന്നു.

## 7. <u>പരമ്പരാഗത കരകൌശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.</u>

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്. മുൻവർഷം ഈ പദ്ധതി പ്രകാരം ആകെ 2494 പേർക്ക് ധനസഹായമനുവദിച്ചിട്ടുണ്ട്.

## 8. <u>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 110 പേർക്ക് ഈ പദ്ധതി പ്രകാരം വർഷം തോറും ആനുകൂല്യമനുവദിച്ചു വരുന്നു.

## 9. <u>പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം</u>

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 250 പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായമനുവദിച്ചു വരുന്നു.

## 10. ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. 2013-14 മുതൽ നടപ്പിലാക്കി വരുന്നു. 2 ലക്ഷം രൂപയാണ് വരുമാന പരിധി. പ്രതിമാസം 8000/- രൂപ വീതം ആനുകൂല്യം അനുവദിച്ചു നൽകുന്നു.

## 11. കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു കോളിനിയ്ക്ക് 1 കോടി രൂപ എന്ന നിരക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പ് വർഷം ആകെ 5 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

## 12. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി വേണ്ടുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുക, വിവിധ പദ്ധതികളുടെ ഓൺലൈൻ സേവനത്തിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കൽ, വാഹന വാടക, പ്രിന്റിംഗ്, വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിൽ പരിശീലന പരിപാടികൾ നടത്തുക, പുതിയ ഓഫീസുകൾ സജ്ജമാക്കുന്നതിന് അവിടങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശം

## 13. അഡ്വക്കേറ്റ് ഗ്രാന്റ്

അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000/-രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ആരംഭത്തിൽ 7500/- രൂപ ആയിരുന്നത് 2017 മുതൽ 12000/- രൂപയാക്കി വർദ്ധിപ്പിച്ചു. വരുമാന പരിധി 1 ലക്ഷം രൂപ.

## 14. വിശ്വകർമ്മജർക്കുള്ള പെൻഷൻ

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. തുടക്കത്തിൽ 500/- രൂപ ആയിരുന്നത് പല ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 1400/- രൂപ പെൻഷൻ നൽകി വരുന്നു. പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നു.

മറ്റ് പെൻഷനുകളൊന്നും തന്നെ ലഭ്യമാകുന്നില്ലായെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിച്ചു വരുന്നു

**15.മാതാവോപിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്**

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺക്കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം *2.5* ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. പ്രതിവർഷം *50,000/-* രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -II

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

### മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ -NBCFDC- പദ്ധതികൾ

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1. സ്വയംതൊഴിൽ പദ്ധതി (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 15 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ - 8% |
| 2. വനിതകൾക്കായുള്ളപ്രത്യേകസ്വയംതൊഴിൽ വായ്പ (നൃസ്വർണ്ണിമ) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ള വർക്ക്) | 2 ലക്ഷംരൂപ | 2% |
| 3. വിദ്യാഭ്യാസവായ്പാപദ്ധതി (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷരൂപ)<br><br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷംരൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാപദ്ധതി (സന്നദ്ധസംഘടനകൾ / CDS വഴിനൽകുന്നവായ്പ) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ള വർക്ക്) | CDS കൾക്ക് പരമാവധി 3 കോടിരൂപ<br>NGO-യ്ക്ക് പരമാവധി 3 കോടിരൂപ | NGO/CDS-4 %, SHG യ്ക്ക് 5% |
| 5. മഹിളാസമൃദ്ധിയോജന (വനിതകൾക്കുള്ളലഘുവായ്പ) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ള വർക്ക്) | CDS കൾക്ക് പരമാവധി 3 കോടിരൂപ | CDS-3%, SHG യ്ക്ക് 4% |
| 6. റി-ടേൺവായ്പാപദ്ധതി (പ്രവാസജീവിതത്തിനുശേഷംനാട്ടിൽസ്ഥിരതാമസമാക്കുന്നതിനുവേണ്ടിമടങ്ങിവരുന്നവർക്കുള്ളപദ്ധതി) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ള | 30 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **പ്രത്യേകആനുകൂല്യം** | |

| | | |
|---|---|---|
| വർക്ക്) | പദ്ധതിഅടങ്കലിന്റെ 15 % വരെമൂലധനസബ്സിഡി വായ്പാതിരിച്ചടവിന്റെആദ്യ 4 വർഷങ്ങളിൽ 3% പലിശസബ്സിഡി. | |
| 7. സ്റ്റാർട്ട് അപ്പ് വായ്പാപദ്ധതി (പ്രൊഫഷണലുകൾക്ക്യോഗ്യതാടിസ്ഥാനത്തിൽ വരുമാനദായകസംരംഭംആരംഭിക്കുന്നതിനായി) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ള വർക്ക്) | 20 ലക്ഷംരൂപ | 5 ലക്ഷംരൂപവരെ - 6%<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷംവരെ - 7%<br>10 ലക്ഷത്തിനുമുകളിൽ 8% |
| | **<u>പ്രത്യേകആനുകൂല്യം</u>**<br>വായ്പാതുകയുടെ 20% (പരമാവധി 2 ലക്ഷംരൂപ) പിന്നോക്കവിഭാഗവികസനവകുപ്പിൽനിന്നുള്ളസബ് സിഡി | |
| 8. റീ-ലൈഫ് (ചെറിയമൂലധനനിക്ഷേപംആവശ്യമായനാമമാത്ര / ചെറുകിടസംരംഭങ്ങൾആരംഭിക്കുന്നതിനായി) (1,20,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർ ക്ക്) | 1 ലക്ഷംരൂപ | **പലിശനിരക്ക് - 5%** |
| | **<u>പ്രത്യേകആനുകൂല്യം</u>**<br>വായ്പാതുകയുടെ 50% (പരമാവധി 25,000 രൂപ) പിന്നോക്കവിഭാഗവികസനവകുപ്പിൽനിന്നുള്ളസബ് സിഡി | |

**ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നവ്യക്തികൾക്ക് - NSKFDC പദ്ധതികൾ**

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1) ലഘുവായ്പാപദ്ധതി (സന്നദ്ധസംഘടനകൾ / CDS വഴിനൽകുന്നവായ്പ) | CDS/NGO - 3 കോടിരൂപ | CDS/NGO - 4%<br>SHG - 5% |
| 2) മഹിളാസമൃദ്ധിയോജന (വനിതകൾക്കുള്ളലഘുവായ്പ) **(വരുമാനപരിധിബാധകമല്ല.)** | CDS/NGO - 3 കോടിരൂപ | CDS/NGO-3%,<br>SHG-4% |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നവായ്പാപദ്ധതി-**

| പദ്ധതിയുടെപേര് | പരമാവധിവായ്പാതുക | പലിശനിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെവിവാഹവായ്പാപദ്ധതി (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർ ക്ക്) | 2 ലക്ഷംരൂപ | 6% |
| 2. സുവർണ്ണശ്രീവായ്പ (ബഹുവിധആവശ്യങ്ങൾക്ക്) (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർ ക്ക്) | 3 ലക്ഷംരൂപ | 8% |
| 3. പ്രവർത്തനമൂലധനവായ്പ | 3 ലക്ഷംരൂപ | 7% |

| | | |
|---|---|---|
| (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | | |
| 4. ബിസിനസ്സ്ഡെവലപ്മെന്റ് വായ്പ (8,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 8% |
| 5. വിദ്യാശ്രീവായ്പ (3,00,000/- രൂപയിലുംതാഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 3 ലക്ഷംരൂപ | 6% |
| 6. വാഹനവായ്പ (3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക്താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 8 ലക്ഷംരൂപ | 8% |
| 7. ഗൃഹപുനരുദ്ധാരണവായ്പ (സ്വസ്ഥഗൃഹ) (3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക്താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 9% |
| 8. വ്യക്തിഗതവായ്പ (3,00,000/- രൂപയ്ക്ക്മുകളിൽ 15,00,000/- രൂപയ്ക്ക്താഴെകുടുംബവാർഷികവരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 9.50% |
| 9. എന്റെവീട് (ഭവനനിർമ്മാണവായ്പപദ്ധതി) - 1 (1,20,000/- രൂപയിൽതാഴെകുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷംരൂപ | 6.50 % |
| 12. എന്റെവീട് (ഭവനനിർമ്മാണവായ്പപദ്ധതി) - 2 (3,00,000/- രൂപയിൽതാഴെകുടുംബവാർഷിക വരുമാനമുള്ളവർക്ക് | 10 ലക്ഷംരൂപ | 7.00 % |

സെക്ഷൻ ഓഫീസർ

## അനുബന്ധം-III

## കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

1. **കളിമൺ നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി**

   വായ്പാ തുക 2 ലക്ഷം രൂപ, പലിശ 6%, വായ്പ കാലാവധി 5 വർഷം.

2. **കളിമൺ ഉൽപ്പന്ന വിപണനത്തിനുള്ള പ്രവർത്തന മൂലധന വായ്പാ പദ്ധതി**

   വായ്പാ തുക 2 ലക്ഷം രൂപ, പലിശ 6%, വായ്പ കാലാവധി 5 വർഷം.

3. **വിവാഹ ധനസഹായ വായ്പാ പദ്ധതി**

   കളിമൺ നിർമ്മാണ-വിപണന തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ വായ്പാ. വായ്പാ തുക 2 ലക്ഷം രൂപ, പലിശ 6%, വായ്പ കാലാവധി 5 വർഷം.

4. **സ്വയം സഹായ വായ്പാ പദ്ധതി**

   (കുടുംബശ്രീ മാതൃകയിലുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള വായ്പാ)

   20 പേരടങ്ങുന്ന ഗ്രൂപ്പിന് പരമാവധി 10 ലക്ഷം രൂപ. 5 മുതൽ പത്ത് അംഗങ്ങൾ ഉള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് പരമാവധി 5 ലക്ഷം രൂപ. C.D.S.കൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

   പലിശ നിരക്ക് C.D.S.കൾക്ക് 3%, S.H.G. കൾക്ക് 4%, വായ്പ കാലാവധി 36 മാസം.

5. **കളിമൺ ഉൽപ്പന്ന വിപണനം**

   കളിമൺ ഉൽപ്പന്നങ്ങൾ ചെറുകിട ഉത്പാദകരിൽ നിന്നും കോർപ്പറേഷൻ മുഖേന സംഭരിച്ച് ആവശ്യക്കാർക്ക് വിൽപ്പന നടത്തുന്നു.

(signature)

സെക്ഷൻ ഓഫീസർ